**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4662** **29-06-2012 - ലെ മറുപടിയ്ക്ക്**

**അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ.എ. നെല്ലിക്കുന്ന്<br>,, റ്റി.എ. അഹമ്മദ് കബീർ<br>,, പി.കെ. ബഷീർ<br>,, കെ.എം. ഷാജി | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അടയ്ക്കയുടെ വിലയിടിവ് മൂലം കർഷകർ അനുഭവിക്കുന്ന ഭീമമായ നഷ്ടം പരിഹരിച്ചുനൽകാൻ ഒരു പാക്കേജിന് രൂപം നൽകുമോ; | (ബി) | 12-01-2011 ലെ സ.ഉ.(എം.എസ്)നം. 16/11/കൃഷി പ്രകാരം അടയ്ക്കാ കർഷക പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. |
| (സി) | കർഷകരുടെ കടബാദ്ധ്യതയുടെ പലിശയ്ക്ക് ഇളവു നൽകുകയും, ലോൺ തുക തിരിച്ചടയ്ക്കുന്നതിന് മോറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്യുമോ; | (സി) | സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | അടയ്ക്കാ മരങ്ങൾക്കുള്ള കീട ബാധ നിയന്ത്രിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (ഡി) | സ്വീകരിച്ചു വരുന്നുണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംയോജിത കീട നിയന്ത്രണ പദ്ധതിയിൽ ഏതു വിളയ്ക്കും കീടരോഗബാധ കാണുകയാണെങ്കിൽ അതാത് ജില്ലകളിലെ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ, കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ എന്നിവർ സ്ഥലം സന്ദർശിച്ച് ആവശ്യമായ ശുപാർശകൾ നൽകുകയും, ആയത് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. കീടരോഗബാധ രൂക്ഷമാകുന്ന ഘട്ടങ്ങളിൽ സംസ്ഥാനതല ഉദ്യോഗസ്ഥർ സന്ദർശിക്കുകയും സന്ദർശന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കീടബാധയിൽ നിന്നും വിളയെ സംരക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിക്കാറുണ്ട്. |

തെങ്ങ്/കവുങ്ങ് എന്നീ വിളകളെ കീട രോഗബാധയിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. പദ്ധതി നടത്തപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ കർഷകർ, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് സംയോജിത കീടരോഗ ബാധ നിയന്ത്രിക്കുന്നതിനെ സംബന്ധിച്ച് പരിശീലനം നൽകി വരുന്നു. കവുങ്ങിന്റെ രോഗങ്ങളായ മഹാളി, ഇല മഞ്ഞളിപ്പ്, പോഷക അസന്തുലിത, പൂങ്കുലവാട്ടം എന്നിവ പരിഹരിക്കുന്നതിനുള്ള സമഗ്ര പദ്ധതിയാണ് നടപ്പിലാക്കുന്നത്.

**സെക്ഷൻ ഓഫീസർ**